# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.62 | 07/02/2013-ൽ മറുപടിയ്ക്ക്

## കാർഷിക മേഖലയെ സംരക്ഷിക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. എം.ചന്ദ്രൻ<br>ശ്രീ. സി.കെ.സദാശിവൻ<br>ശ്രീ. ബി.ഡി. ദേവസ്സി. | ശ്രീ. പി .ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) കടുത്ത വരൾച്ചയെ തുടർന്ന് പ്രതിസന്ധിയിലായ കാർഷിക മേഖലയെ സംരക്ഷിക്കാൻ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കി എന്നറിയിക്കുമോ; | എ) മഴക്കുറവു മൂലം കേരളം നേരിടുന്ന അതിരൂക്ഷമായ വരൾച്ച കണക്കിലെടുത്ത് കൃഷി നിലനിർത്തുന്നതിനുള്ള ജലം വരും മാസങ്ങളിൽ പരമാവധി ലഭ്യമാക്കുന്നതിലേയ്ക്കായി മണൽച്ചാക്കിട്ട് വെള്ളം ഒഴുകിപോകാതെ താല്ക്കാലിക തടയണകെട്ടുന്നതിന് ജലസേചനവകുപ്പിന് 22 **കോടി രൂപയും** കുടിവെള്ളത്തിനും കൃഷിയ്ക്കുമായി കുഴൽ കിണർ കുഴിക്കുന്നതിന് ഭൂഗർഭജലവകുപ്പ് നിർദ്ദേശിച്ച പ്രകാരം **13 കോടി** രൂപയുടെയും ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. കനാലുകളുടെ നവീകരണവും വാർഷിക അറ്റകുറ്റപണികളും നടത്തി ജലസംഭരണിയിൽ ലഭ്യമായജലം ഉപയോഗിച്ച് ശാസ്ത്രീയമായ രീതിയിൽ കാർഷികമേഖലയ്ക്ക് ജലസേചനം നടത്തി കൃഷിയെ സംരക്ഷിക്കാനുള്ള നടപടികൾ നടത്തി വരുന്നു.<br>കടുത്ത വരൾച്ചയെത്തുടർന്ന് പ്രതിസന്ധിയിലായ കാർഷിക മേഖലയെ സംരക്ഷിക്കാൻ ചീഫ്എഞ്ചിനീയർ, പ്രോജക്ട്-1 സർക്കാരിലേയ്ക്ക് സമർപ്പിച്ച **186 കോടി** രൂപയുടെ പദ്ധതികളും പ്രോജക്ട്-II ചീഫ് എഞ്ചിനീയർ, സർക്കാരിന് സമർപ്പിച്ച **4.42 കോടി** രൂപയുടെ പദ്ധതികളും സർക്കാരിന്റെ പരിഗണനയിലാണ്. |

| | |
|---|---|
| ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഏതെങ്കിലും ജലസേചന പദ്ധതി പൂർത്തിയാക്കിയിട്ടുണ്ടോ; | ബി) ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കുളങ്ങൾ വൃത്തിയാക്കുകയും തടയണകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) പറമ്പിക്കുളം- ആളിയാർ പദ്ധതിയിൽ നിന്ന് കരാർ പ്രകാരം വെള്ളം ലഭിക്കുന്നുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | പറമ്പിക്കുളം- ആളിയാർ പദ്ധതിയിൽ നിന്ന് കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലം മുഴുവനായും കേരളത്തിന് ലഭിയ്ക്കുന്നില്ല. പി.എ.പി കരാർ പ്രകാരം 1970 മുതലാണ് ജലം ലഭിച്ചു വരുന്നത്. ചില വർഷങ്ങളിൽ കാലവർഷക്കുറവ് മൂലം ഡാമുകളിലെ ജലനിരപ്പ് കുറയുന്നു എന്ന കാരണം പറഞ്ഞ് കരാർ പ്രകാരമുള്ള ജലം വിട്ടുതരുന്നതിന് തമിഴ്നാട് വിമുഖത കാണിക്കുന്നുണ്ട്. പി.എ.പി കരാർ പ്രകാരമുള്ള ജലം കേരളത്തിന് ലഭിയ്ക്കുന്നതിന് സംയുക്ത ജലക്രമീകരണ ബോർഡ് യോഗങ്ങളിൽ ശക്തമായ സമ്മർദ്ദം ചെലുത്തിവരുന്നു. കൂടാതെ കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കുന്നതിന് ഉദ്യോഗസ്ഥതലത്തിലും തമിഴ്നാട് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 26/12/12-ലെ അസാധാരണ സംയുക്ത ജലക്രമീകരണ ബോർഡ് യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇരു സംസ്ഥാനങ്ങളിലെയും ജലവിഭവ സെക്രട്ടറി തലത്തിലുള്ള ഒരു ചർച്ച നടത്തുവാൻ തമിഴ്നാട് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഇരുസംസ്ഥാനങ്ങളിലേയും ജലവിഭവ മന്ത്രിതലത്തിലും, മുഖ്യമന്ത്രിതലത്തിലും കൂടിക്കാഴ്ചയ്ക്ക് സമയം ചോദിച്ചിട്ടുണ്ട്.<br>കരാർ പ്രകാരമുള്ള ജലം ലഭിക്കാത്ത സാഹചര്യത്തിൽ തമിഴ്നാട് സർക്കാരിനെതിരെ സുപ്രീം കോടതിയെ സമീപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| ഡി) കാവേരി ട്രിബ്യൂണൽ വിധി പ്രകാരം കേരളത്തിന് അർഹമായ ജലം മുഴുവൻ ലഭ്യമാകുന്നുണ്ടോ; അതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | കാവേരി ട്രിബ്യൂണൽ വിധി പ്രകാരം **30ടി.എം.സി ജലം** കേരളത്തിന് അനുവദിച്ചിട്ടുണ്ട്. അതിൻ പ്രകാരം പാമ്പാർ നദീതട പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടിശ്ശേരി ഡാമിന്റെയും കനാലിന്റെയും പുനർ നിർമ്മാണത്തിനുള്ള 26 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. .<br>കാവേരി ട്രിബ്യൂണൽ വിധി പ്രകാരം കാരാപ്പുഴ പദ്ധതിക്ക് അനുവദിച്ചിട്ടുള്ള 2.8 ടി.എം.സി ജലം ഭാഗികമായി ഉപയോഗിക്കുന്നുണ്ട്. ബാണാസുര സാഗർ ജലസേചന പദ്ധതി പൂർത്തിയാക്കാത്തതിനാൽ ലഭ്യമായ ജലം ഉപയോഗിക്കുന്നില്ല. കബനി ബേസിനിലുള്ള 9 പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ നടത്തി ഡീറ്റെയ്ല്ഡ് പ്രോജക്ട് |

റിപ്പോർട്ട് സമർപ്പിക്കാനുള്ള പദ്ധതികൾ സ്വീകരിച്ചു വരുന്നു. ഭവാനി ബേസിനിൽ അനുവദിച്ചിട്ടുള്ള ജലം ഉപയോഗിക്കുവാനായി അട്ടപ്പാടി പദ്ധതി പുനരുജ്ജീവിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**